**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2496** **23-02-2026 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ഇവയിൽ നിലവിൽ ലാഭത്തിൽ/നഷ്ടത്തിൽ പ്രവർത്തിക്കുന്നത് ഏതെല്ലാമെന്ന് ലാഭ/നഷ്ട കണക്ക് തരം തിരിച്ച് വ്യക്തമാക്കുമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സമയബന്ധിതമായി ലാഭത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നത് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾക്കൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ നവീകരണ വിപുലീകരണ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.<br><br>ഉത്പാദനക്ഷമത, സുതാര്യത, മാനവ വിഭവശേഷിയുടെ വികസനം, സുസ്ഥിരത എന്നിവ വർദ്ധിപ്പിച്ച് കൂടുതൽ മത്സരക്ഷമത ഉറപ്പുവരുത്തി സ്വയം പര്യാപ്തമാക്കി ശക്തിപ്പെടുത്തുക തുടങ്ങി വിവിധ പദ്ധതികളാണ് സ്ഥാപനങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.<br><br>ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾക്കൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിലുള്ള നവീകരണ വിപുലീകരണ പദ്ധതികളാണ് സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്നത്. നിലവിലെ ബിസിനസ്സ് മോഡലുകൾ പരിശോധിച്ച് സാങ്കേതികവിദ്യകളിൽ കാലാനുസൃതമായ നവീകരണം കൊണ്ടുവന്നു |

വിപണിയിൽ കൂടുതൽ മത്സരക്ഷമതയുള്ളവയാക്കുന്നതിനായി സംയുക്ത സംരംഭങ്ങളിൽ ഏർപ്പെടുന്നതിനും ആവശ്യകത കണക്കിലെടുത്ത് ചില ഉൽപ്പാദന സൗകര്യങ്ങളിൽ മാത്രം സംയുക്ത സംരംഭങ്ങൾ നടപ്പിലാക്കിയും സ്ഥാപനങ്ങളെ മത്സരക്ഷമമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആദ്യമായി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള എല്ലാ പൊതുമേഖലാസ്ഥാപനങ്ങളുടെയും ബിസിനസ്സ് പ്ലാനും MoU സംവിധാനവും നടപ്പിലാക്കി, അവയെ അടിസ്ഥാനമാക്കി പ്രവർത്തനവലോകനം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങളും നൽകി വരുന്നു.

2025-26 സാമ്പത്തിക വർഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 275.10 കോടി രൂപ സർക്കാർ വാർഷിക ആസൂത്രണ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. കമ്പനികളുടെ സുഗമമായ നടത്തിപ്പിനായി ഘട്ടം ഘട്ടമായി സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി 42.50 കോടി രൂപ പ്രത്യേകം 2025-26 ബഡ്ജറ്റിൽ വകയിരുത്തി നൽകിവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉത്തരവാദിത്വത്തോട് കൂടി പ്രവർത്തന സ്വയംഭരണാവകാശം നൽകുന്നതിന്റെ ഭാഗമായി ശ്രീ. പോൾ ആന്റണി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു.

Safety Audit / Energy Audit ശുപാർശകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചു വരുന്നു. പുതിയ പരിസ്ഥിതി നയത്തിനനുയോജ്യമായ രീതിയിൽ കുറഞ്ഞ ചെലവിൽ മലിനീകരണ തോത് കുറയ്ക്കുന്നതിനായി കൂടുതൽ ഇന്ധനക്ഷമതയുള്ള സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു.

സംസ്ഥാന പൊതുമേഖലയുടെ ചരിത്രത്തിലാദ്യമായി വൈദ്യുതി കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ 31.12.2024 വരെയുള്ള വൈദ്യുതി കുടിശ്ശികയായ 294 കോടി രൂപ ഒഴിവാക്കി നൽകി. വൈദ്യുതി ബോർഡ്, സർക്കാരിന് നൽകുവാനുള്ള ഇലക്ട്രിസിറ്റി ഡ്യൂട്ടി

ഇനത്തിൽ വരവ് വെച്ചാണ് ഇത് ഒഴിവാക്കി നൽകിയത്.

സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ബി.പി.റ്റി മുഖേന എല്ലാ മാസവും റിപ്പോർട്ട് ചെയ്ത് വരുന്നുണ്ട്. ഇതിന്റെ ഭാഗമായി കുടിശ്ശിക ഉണ്ടായിരുന്ന സ്റ്റാറ്റ്യൂട്ടറി ആഡിറ്റുകൾ ഭൂരിഭാഗവും പൂർത്തിയാക്കാൻ സാധിച്ചു.

കമ്പനികളുടെ ഡയറക്ടർ ബോർഡുകളിൽ ഇതുവരെ 28 വിദഗ്ധരെ നിയമിച്ചിട്ടുണ്ട്. കൂടുതൽ സ്ഥാപനങ്ങളിൽ നിയമിക്കുന്നതിന്റെ ഭാഗമായി വിവിധ മേഖലകളിൽ പ്രാവീണ്യം ലഭിച്ചവരുടെ ഒരു പാനൽ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിങ് ഡയറക്ടർ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ആവശ്യമായ പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. കൂടാതെ ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികൾ കമ്പനി തലത്തിലും ബി.പി.റ്റി മുഖേനയും നടത്തിവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി ഏറ്റവും മികച്ച സ്ഥാപനം, മാനേജിങ് ഡയറക്ടർ, ജീവനക്കാരൻ, വ്യവസായ മേഖലയെ സംബന്ധിച്ച മികച്ച മാധ്യമ റിപ്പോർട്ടിംഗ് എന്നീ മേഖലകളിലെ അവാർഡുകൾ ഈ സാമ്പത്തിക വർഷവും നൽകിയിരുന്നു.

ടെക്സ്റ്റൈൽ മേഖലയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പൊതുമേഖലയിലും സഹകരണമേഖലയിലുമുള്ള സ്പിന്നിങ് മില്ലുകൾക്ക് വിളവെടുപ്പ് സമയത്ത് വിലക്കുറവിൽ ഗുണമേന്മയുള്ള പഞ്ഞി വാങ്ങിക്കുന്നതിനും പഞ്ഞിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വേണ്ടി കോട്ടൺ ബോർഡ് രൂപീകരിച്ചു. ഇതിലൂടെ പഞ്ഞിയുടെ ലഭ്യത ഉറപ്പ് വരുത്തി മില്ലുകളുടെ പ്രവർത്തനവും പുരോഗമിച്ചുവരുന്നു. ഇതോടൊപ്പം തന്നെ യാണിന് മികച്ച വില ഉറപ്പ് വരുത്തുന്നതിനായി ഒരു ഓൺലൈൻ സെയിൽസ് പ്ലാറ്റ്ഫോം തയ്യാറാക്കി പ്രവർത്തനം തുടങ്ങി വരുന്നു. കോട്ടൺ ബോർഡിന് പഞ്ഞി വാങ്ങിക്കുന്നതിനുള്ള

പ്രവർത്തനമൂലധനത്തിനായി NCDC യിൽ നിന്ന് 70 കോടി രൂപ സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്.

നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ മത്സരക്ഷമമാക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത എട്ട് സ്ഥാപനങ്ങളിൽ വിദഗ്ദ്ധരുടെ സഹായത്തോടെ ഒരു Turnaround Strategy-യുടെ ഭാഗമായുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

വ്യവസായ വകുപ്പിന്റെ അധീനതയിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി "kshoppe.in" എന്ന പേരിൽ ഇ-കൊമേഴ്സ് പോർട്ടൽ ആരംഭിച്ച് പ്രവർത്തന പുരോഗതി കൈവരിച്ച് വരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യം കഴിഞ്ഞ് അധികമുള്ള ഭൂമി വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി കേന്ദ്ര പെട്രോളിയം കമ്പനികളുമായി ചേർന്ന് ഫ്യൂവൽ പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇതിനകം തന്നെ സ്വീകരിച്ചു. നാല് പെട്രോൾ പമ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അധിക ഭൂമിയിൽ സെൻട്രൽ വെയർ ഹൗസിംഗ് കോർപറേഷന് ഗോഡൗൺ സ്ഥാപിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ഇത്തരത്തിൽ അധിക ഭൂമി ഉപയോഗിച്ച് വരുമാനം വർധിപ്പിച്ച് പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തി കൂടുതൽ മത്സരക്ഷമമാക്കുക എന്ന സർക്കാരിന്റെ ബദൽ വികസന നയത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡും, സംയുക്ത സംരംഭമായ ഭെൽ-ഇ.എം.എൽ-ഉം ഏറ്റെടുത്ത് സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളാക്കി യഥാക്രമം കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, കെൽ-ഇ.എം.എൽ എന്ന് പുനർനാമകരണം ചെയ്ത് പ്രവർത്തനം പുനഃരാരംഭിച്ച് പ്രവർത്തന പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

മേൽ പ്രകാരം സ്വീകരിച്ചിട്ടുള്ള വിവിധ നടപടികളുടെ ഫലമായി നഷ്ടത്തിലായിരുന്ന കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാകുകയും നഷ്ടത്തിൽ പ്രവർത്തിച്ച മിക്ക പൊതുമേഖലാ സ്ഥാപനങ്ങളുടെയും

| | |
|---|---|
| | പ്രവർത്തന നഷ്ടം വലിയ തോതിൽ കുറവ് വന്നിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| പ്രവർത്തന ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 2024–25 | | | |
|---|---|---|---|
| | | Rs.in lakhs | |
| ക്രമ നമ്പർ | കമ്പനിയുടെ പേര് | 2024–25 പ്രവർത്തന ലാഭത്തിലുള്ളവ | 2024–25 നഷ്ടത്തിലുള്ളവ |
| 1 | കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് | 10767.00 | |
| 2 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ | 5054.45 | |
| 3 | ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് | 1927.00 | |
| 4 | കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് | 1082.46 | |
| 5 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് | 1058.04 | |
| 6 | കെൽട്രോൺ കംമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ് | 962.43 | |
| 7 | സ്റ്റീൽ ആന്റ് ഇന്റഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റഡ് | 785.89 | |
| 8 | കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് | 650.00 | |
| 9 | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് | 479.00 | |
| 10 | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് | 404.57 | |
| 11 | സ്റ്റീൽ ഇൻഡസ്ട്രീയൽ കേരള ലിമിറ്റഡ് | 400.39 | |
| 12 | കെ സി സി പി ലിമിറ്റഡ് | 332.86 | |
| 13 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് | 306.46 | |
| 14 | കേരള സ്മോൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 283.51 | |
| 15 | കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 185.83 | |
| 16 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് | 126.60 | |
| 17 | കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് | 63.62 | |
| 18 | ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് | 33.04 | |
| 19 | ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | 12.03 | |
| 20 | കേരള സിറാമിക്സ് ലിമിറ്റഡ് | 10.40 | |
| 21 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | 4.08 | |
| 22 | കേരള സ്റ്റേറ്റ് കയർ മിഷനറി മാനുഫാക് ച്ചറിംഗ് കമ്പനി ലിമിറ്റഡ് | 3.16 | |
| 23 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ | 5595.82 | |
| 24 | കേരള ഇൻഡസ്ട്രീയൽ ഇൻഫ്രാസ്ട്രക് ച്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 1082.07 | |
| 25 | കെ. കരുണാകരൻ മെമ്മോറിയൽ കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് | | -7.52 |
| 26 | ആലപ്പി കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | | -50.96 |
| 27 | കെൽപാം | | -51.76 |
| 28 | ദി മലപ്പുറം കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | | -125.83 |
| 29 | ഹാൻഡിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കേരള) | | -132.19 |
| 30 | ദി കണ്ണന്നൂർ കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | | -151.83 |

| | | | | |
|---|---|---|---|---|
| 31 | ദി കിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | | | -178.32 |
| 32 | കേരള സ്റ്റേറ്റ് മിനറൽ ഡവലപ്മെന്റ് | | | -183.74 |
| 33 | കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് | | | -226.14 |
| 34 | കെൽ -ഇ എം എൽ | | | -230.29 |
| 35 | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് | | | -240.43 |
| 36 | മാൽകോടെക്സ് | | | -269.47 |
| 37 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് | | | -291.45 |
| 38 | യൂണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | | | -322.61 |
| 39 | കയർ ഫെഡ് | | | -347.45 |
| 40 | കേരള സ്റ്റേറ്റ് ഹാൻഡ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | | | -353.41 |
| 41 | ഹാൻടെക്സ് | | | -381.50 |
| 42 | ദി പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | | | -393.28 |
| 43 | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് | | | -516.80 |
| 44 | ദി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് | | | -565.08 |
| 45 | കാപെക്സ് | | | -734.08 |
| 46 | ആട്ടോകാസ്റ്റ് ലിമിറ്റഡ് | | | -874.74 |
| 47 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് | | | -970.47 |
| 48 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് | | | -1661.77 |
| 49 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് | | | -2187.63 |
| 50 | കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | | | -2630.99 |
| 51 | മലബാർ സിമന്റ്സ് ലിമിറ്റഡ് | | | -5267.48 |
| 52 | സെയിൽ -എസ്.സി.എൽ കേരള ലിമിറ്റഡ് | | | Non-operational |
| 53 | ദി.തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | | | Non-operational |

സെക്ഷൻ ഓഫീസർ